# Kerala State Film Awards 2007 Declaration

08-04-2008
Thiruvananthapuram

**KERALA STATE CHALACHITRA ACADEMY**
Sasthamangalam
Thiruvananthapuram 695 010
Phone : 0471- 2310323, 2312214
Fax : 2310322

# 2007-ലെ കേരള സംസ്ഥാന ഫിലിം അവാർഡിന് മത്സരത്തിനെത്തിയവ

## കഥാചിത്രങ്ങൾ

1. പ്രണയകാലം
2. പരദേശി
3. ആകാശഗോപുരം
4. ആകാശം
5. കഥപറയുമ്പോൾ
6. 9 - കെ-കെ-റോഡ്
7. നാദിയ കൊല്ലപ്പെട്ട രാത്രി
8. റോക് 'ൻ' റോൾ
9. ഭരതൻ
10. അറബിക്കഥ
11. വിനോദയാത്ര
12. അലിഭായ്
13. ഒലിവർ ട്വിസ്റ്റ്
14. ഹലോ
15. മായാവി
16. ഒറ്റക്കൈയ്യൻ
17. നാലുപെണ്ണുങ്ങൾ
18. വീരാളിപ്പട്ട്
19. നോവൽ
20. അടയാളങ്ങൾ
21. അന്തിപൊൻവെട്ടം
22. നിവേദ്യം
23. ബിഗ് ബി
24. തനിയെ
25. ചോക്ലേറ്റ്
26. ഒരേ കടൽ

## കുട്ടികളുടെ ചിത്രം

1. ഉണ്ണി
2. കളിയൊരുക്കം
3. ഒരിടത്തൊരു പുഴയുണ്ട്

## ഡോക്യുമെന്ററി ഫിലിംസ്

1. മട്ടന്നൂർ ശങ്കരൻകുട്ടി
2. ബിഫോർ ദി ബ്രഷ് ഡ്രോപ്ഡ്
3. എ.കെ.ജി.

## ഹ്രസ്വകഥാചിത്രം

1. എ മിസ്സിംഗ് ഷോട്ട് ഫ്രം ലൈഫ്

## ലേഖനങ്ങൾ

1 **ഒരു മനുഷ്യാവസ്ഥ**
*ശാന്തൻ*

2 **പൗരത്വം എന്ന ഉന്മാദം**
*അനിൽകുമാർ തിരുവോത്ത്*

3 **ജനകീയ ജനപ്രിയ സംസ്കാരം സിനിമയിൽ - 'ക്ലാസ്സ്മേറ്റ്സ് വായിക്കുമ്പോൾ'**
*അനാസ് സി.എ.*

4 **മലയാള തിരക്കഥാ രംഗത്തെ മാർഗ്ഗദർശികൾ**
*എൻ.സി.സേനൻ*

5 **കാണാതായ പുരുഷൻ കാഴ്ചപ്പെടുന്ന സിനിമ**
*കെ.പി.ജയകുമാർ*

6 **ഒരേമരണത്തിലേക്കുള്ള ഒരുപാട് വഴികൾ**
*കെ.പി.ജയകുമാർ*

7 **ചലച്ചിത്രോത്സവങ്ങളും ഫിലിം സൊസൈറ്റി പ്രസ്ഥാനവും**
*എ.വി.ഫർദിസ്*

8 **കിഴക്കിന്റെ നക്ഷത്രം**
*വിജയകൃഷ്ണൻ*

9 **പ്രജാപതിയല്ലാത്ത കവി**
വിജയകൃഷ്ണൻ

10 **പരസ്പരം പ്രതിരോധിക്കുന്ന നടനും താരവും**
*വിജയകൃഷ്ണൻ*

11 **സാംസ്കാരികാധിനിവേശം**
*അരവിന്ദൻ വല്ലച്ചിറ*

12 **സമരം മേക്കപ്പിടുമ്പോൾ**
*വി.ജയകുമാർ*

13 **പുതിയ നൂറ്റാണ്ടിലെ മലയാള സിനിമ**
*മധു ഇറവങ്കര*

14 **നാലുപെണ്ണുങ്ങളുടെ ലോകം**
*മധു ഇറവങ്കര*

15 **പൊയ്ക്കാഴ്ചകളിലെ സംരംഭകൻ**
*സുധീർ പരമേശ്വരൻ*

16 **ശബ്ദവും ദൃശ്യവും**
*ഇ.ജയകൃഷ്ണൻ*

17 **തികച്ചും ഗ്രാമീണൻ**
*ഭാനുപ്രകാശ്*

18 **കല്ലേറിലും വെടിയുണ്ടയിലും പതറാതെ**
*ഭാനുപ്രകാശ്*

## പുസ്തകം

1. **കാഴ്ചയുടെ വെളിവ്**
*നീലൻ*

2. **പത്മരാജൻ: സിനിമ, സാഹിത്യം, ജീവിതം**
*ഡോ.റ്റി.അനിതകുമാരി*

3. **ശലഭച്ചിറകുകൾ കൊഴിയുന്ന ചരിത്ര ശിശിരത്തിൽ**
*എൻ.പി.സജീഷ്*

4. **മറക്കാത്ത ചിത്രം, മായാത്ത ദൃശ്യം**
*എം.എഫ്.തോമസ്*

5. **വാതിൽപ്പുറ കാഴ്ചകൾ**
*വിജയകൃഷ്ണൻ*

6. **തിരമലയാളത്തിന്റെ അവസ്ഥാന്തരങ്ങൾ**
*എൻ.പി.സജീഷ്*

# ജൂറി അംഗങ്ങൾ

## ചലച്ചിത്ര വിഭാഗം

| | | | |
|---|---|---|---|
| 1. | ശ്രീ.ജാനുബറുവ | - | ചെയർമാൻ |
| 2. | ശ്രീ.ജി.രാജശേഖരൻ ഐ.എ.എസ് | - | അംഗം |
| 3. | ശ്രീ.യു.എ.ഖാദർ | - | അംഗം |
| 4. | ശ്രീമതി സുമ ജോസൺ | - | അംഗം |
| 5. | ശ്രീമതി പാർവ്വതി മേനോൻ | - | അംഗം |
| 6. | ശ്രീ.ദിനേശ്ബാബു. | - | അംഗം |
| 7. | ശ്രീ.മുഖത്തല ശിവജി | - | അംഗം |
| 8. | ഡോ. കെ.എസ്.ശ്രീകുമാർ | - | മെമ്പർ സെക്രട്ടറി |

## രചനാ വിഭാഗം

| | | | |
|---|---|---|---|
| 1. | ശ്രീ.ബി.രാജീവൻ | - | ചെയർമാൻ |
| 2. | ശ്രീമതി.മ്യൂസ് മേരി ജോർജ്ജ് | - | അംഗം |
| 3. | ഡോ.എസ്.ശാരദക്കുട്ടി | - | അംഗം |
| 4. | ഡോ. കെ.എസ്.ശ്രീകുമാർ | - | മെമ്പർ സെക്രട്ടറി |

# ചലച്ചിത്ര വിഭാഗം അവാർഡുകൾ

## ജൂറി പരാമർശം

2007-ലെ ഫിലിം അവാർഡ് നിർണ്ണയത്തിന് മൊത്തം 26 ഫീച്ചർ ഫിലിമുകളും മൂന്ന് കുട്ടികളുടെ ഫിലിമുകളും മൂന്ന് ഡോക്യുമെന്ററികളും ഒരു ഷോർട്ട് ഫിലിമുമാണ് ജൂറിയുടെ പരിഗണനയിൽ വന്നത്. ഫീച്ചർ ഫിലിമുകളിൽ എട്ടെണ്ണം നവാഗത സംവിധായകരുടേതായിരുന്നു. നവാഗത സംവിധായകരുടെ ചിത്രങ്ങൾ ശ്രദ്ധാർഹവും മലയാള സിനിമയുടെ നാളത്തെ പ്രകാശ രേഖകൾ എന്ന പ്രതീക്ഷ പുലർത്തത്തക്ക നിലവാരമുള്ളവയുമായിരുന്നു. പക്ഷെ പൊതുവേ വിലയിരുത്തുമ്പോൾ മലയാള സിനിമയുടെ നിലവാരം ശുഭകരമല്ല എന്നു തോന്നുന്നു. ഇതിവൃത്ത ഘടനയിലും, പ്രതിപാദനത്തിലും പുലർത്തുന്ന ഔചിത്യദീക്ഷയില്ലായ്മ അപകടകരമായ ഒരു നിലവാരത്തകർച്ചയിലേയ്ക്ക് പോകുന്നു എന്ന ആശങ്കയും ചിത്രങ്ങൾ കണ്ടു പൂർത്തിയാക്കിയപ്പോൾ ജൂറിക്ക് തോന്നുകയുണ്ടായി. സിനിമയിലെ ചിത്രീകരണ സാദ്ധ്യതകളിൽ ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനാൽ ചിത്രങ്ങൾ പലതും നല്ല സാങ്കേതിക മികവു പുലർത്തുന്നുണ്ടെങ്കിലും കൃത്രിമത്വം മുഴച്ചു നിൽക്കുന്നത് ആശാസ്യമായി തോന്നുന്നില്ല.

കുട്ടികളുടെ ചിത്രങ്ങൾ കൂടുതൽ നിലവാരം പുലർത്തേണ്ടിയിരിക്കുന്നതായി ജൂറിയുടെ അഭിപ്രായമുയർന്നിട്ടുണ്ട്. ഡോക്യുമെന്ററിയുടെ കാര്യത്തിലും ഇതേ അഭിപ്രായമാണ് ജൂറിയിൽ ഉയർന്നു വന്നത്.

മനസ്സിനെ സ്പർശിക്കുന്ന മനോഹര ഗാനങ്ങൾ മലയാള സിനിമയിൽ വല്ലാതെ കുറഞ്ഞുപോകുന്ന അവസ്ഥയും അനുഭവപ്പെട്ടതായി ജൂറി എടുത്തുപറയുന്നു.

1. **മികച്ച കഥാചിത്രം** - **അടയാളങ്ങൾ**

**സംവിധായകൻ** - **എം.ജി.ശശി**

**നിർമ്മാതാവ്** - **അരവിന്ദ് വേണുഗോപാൽ**

(നിർമ്മാതാവിന് 100,000 രൂപയും, ശില്പവും പ്രശസ്തി പത്രവും. സംവിധായകന് 40,000 രൂപയും ശില്പവും പ്രശസ്തി പത്രവും)

സ്ത്രീ പുരുഷ ബന്ധങ്ങളേയും പുരാവൃത്തങ്ങളെയും അതിമനോഹരമായി സന്നിവേശിപ്പിച്ചുകൊണ്ട് ഒരു കാലഘട്ടവും അന്നത്തെ സാമൂഹ്യവ്യവസ്ഥിതിയും മനുഷ്യബന്ധങ്ങളും കലാചാരുതയോടെ ആവിഷ്ക്കരിച്ചിരിക്കുന്ന 'അടയാളങ്ങൾ' മലയാളത്തിലെ ഏറ്റവും മികച്ച ചിത്രത്തിനുള്ള അവാർഡ് കരസ്ഥമാക്കുന്നു.

2. **മികച്ച രണ്ടാമത്തെ കഥാചിത്രം** - **ഒരേകടൽ**

**സംവിധായകൻ** - **ശ്യാമപ്രസാദ്**

**നിർമ്മാതാവ്** - **എൻ.ബി.വിന്ധ്യൻ**

(നിർമ്മാതാവിന് 60,000 രൂപയും, ശില്പവും പ്രശസ്തി പത്രവും. സംവിധായകന് 30,000 രൂപയും ശില്പവും പ്രശസ്തി പത്രവും)

മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥയിൽ അകപ്പെട്ട പുരുഷന്റെയും സ്ത്രീയുടെയും അന്തർ സംഘർഷങ്ങളുടെ സമർത്ഥവും സഫലവുമായ ആവിഷ്ക്കരണം.

3. **മികച്ച സംവിധായകൻ** - **എം.ജി.ശശി**

**ചിത്രം** - **അടയാളങ്ങൾ**

(50,000 രൂപയും ശില്പവും പ്രശസ്തി പത്രവും)

സങ്കീർണ്ണ മനസ്സിന് ഉടമയായിരുന്ന ഒരു വ്യക്തിയുടെ ആത്മകഥാപരമായ ഇതിവൃത്തത്തെ തികഞ്ഞ കൈയ്യൊതുക്കത്തോടെ ഒരു ഉത്തമ ചലച്ചിത്രമാക്കി മാറ്റുന്നതിൽ അനിതരസാധാരണമായ മികവ് പ്രകടിപ്പിച്ചു.

4. **മികച്ച നടൻ** - **മോഹൻലാൽ**

**ചിത്രം** - **പരദേശി**

(30,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

സ്വത്വം നിഷേധിക്കപ്പെട്ട 'വലിയകത്തു മൂസ' എന്ന തികച്ചും സങ്കീർണ്ണമായ ഒരു കഥാപാത്രത്തിന്റെ ആത്മനൊമ്പരങ്ങളെ ഹൃദയസ്പൃക്കായി അവതരിപ്പിച്ച നടനവൈഭവത്തിന്.

5. **മികച്ച നടി** - **മീരാജാസ്മിൻ**

**ചിത്രം** - **ഒരേകടൽ**

(30,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

തെറ്റുകൾക്കും ശരികൾക്കുമിടയിൽ ജീവിതത്തെ അന്വേഷിയ്ക്കുന്ന ഒരു മധ്യവർഗ്ഗകുടുംബിനിയെ അസാധാരണപാടവത്തോടെ അവതരിപ്പിച്ചിരിയ്ക്കുന്നു.

6. **മികച്ച രണ്ടാമത്തെ നടൻ** - **മുരളി**

**ചിത്രം** - **വീരാളിപ്പട്ട്, പ്രണയകാലം**

(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

തികച്ചും വിഭിന്നസ്വഭാവമുള്ള രണ്ടു കഥാപാത്രങ്ങളെ ഈ ചിത്രങ്ങളിൽ മുരളി ശക്തവും അവിസ്മരണീയവുമാക്കി.

7. **മികച്ച രണ്ടാമത്തെ നടി** - **ലക്ഷ്മി ഗോപാലസ്വാമി**

**ചിത്രം** - **തനിയെ**

(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

അനാഥത്വത്തിന്റെ നൊമ്പരങ്ങളെ ഉള്ളിലൊതുക്കി അന്യരുടെ സുഖസൗകര്യങ്ങൾക്കുവേണ്ടി ശുശ്രൂഷയെ ജീവിതവ്രതമാക്കിയ ഹോംനേഴ്സിനെ അവിസ്മരണീയമാക്കി.

8. **മികച്ച ബാലതാരം** - **ജയശ്രീ ശിവദാസ്**

**ചിത്രം** - **ഒരിടത്തൊരു പുഴയുണ്ട്**

(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

സുമംഗളയെന്ന നാടോടിബാലികയുടെ നിഷ്ക്കളങ്കതയുടെ സത്യസന്ധമായ ആവിഷ്ക്കരണം.

9. **മികച്ച കഥാകൃത്ത്** - **പി.ടി.കുഞ്ഞുമുഹമ്മദ്**

**ചിത്രം** - **പരദേശി**

(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

ഒരു നീറുന്ന യാഥാർത്ഥ്യത്തിലേക്ക് പ്രേക്ഷകമനസ്സുകളെ ആവാഹിയ്ക്കുന്ന ഹൃദയസ്പർശിയായ കഥ.

10. **മികച്ച ഛായാഗ്രാഹകൻ** - **എം.ജെ.രാധാകൃഷ്ണൻ**

**ചിത്രം** - **അടയാളങ്ങൾ**

(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

കഥയ്ക്കനുഗുണമായ രീതിയിലുള്ള ഛായാഗ്രഹണ പാടവം.

11. **മികച്ച തിരക്കഥാകൃത്ത്** - **സത്യൻ അന്തിക്കാട്**

**ചിത്രം** - **വിനോദയാത്ര**

(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

നിത്യജീവിതത്തിലെ സംഭവങ്ങളെ സത്യസന്ധമായി കോർത്തിണക്കി മികവുറ്റ ഒരു തിരക്കഥയാക്കി മാറ്റിയിരിക്കുന്നു.

12. **മികച്ച ഗാനരചയിതാവ്** - **റഫീക്ക് അഹമ്മദ്**

**ചിത്രം** - **പ്രണയകാലം**

**ഗാനം** **ഏതോ വിദൂരമാം... നിഴലായ് ഇനിയും.**

(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

കാവ്യബിംബങ്ങളുടെ സഫലമായ സന്നിവേശത്തിലൂടെ ഗാനരചന നിർവ്വഹിച്ചിരിയ്ക്കുന്നു.

13. **മികച്ച സംഗീത സംവിധായകൻ (ഗാനം)** - **എം.ജയചന്ദ്രൻ**

**ചിത്രം** - **നിവേദ്യം**

(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

മനസ്സിൽ തങ്ങിനിൽക്കുന്ന ഈണങ്ങൾ നൽകി ഗാനങ്ങളെ ഇമ്പമയമാക്കിത്തീർക്കുന്നതിൽ പ്രാഗത്ഭ്യം പ്രകടിപ്പിച്ചു.

14. **മികച്ച സംഗീത സംവിധായകൻ (പശ്ചാത്തല സംഗീതം)** - **ഔസേപ്പച്ചൻ**

**ചിത്രം** - **ഒരേകടൽ**

(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

കഥാസന്ദർഭത്തിനനുയോജ്യമായ രീതിയിലുള്ള ഭാവോജ്ജ്വലമായ പശ്ചാത്തല സംഗീതാവിഷ്ക്കരണം.

15. **മികച്ച പിന്നണിഗായകർ** (Male & Female) - **വിജയ് യേശുദാസ്, ശ്വേത**
(കോലക്കുഴൽ വിളി കേട്ടോ രാധേ....)

**ചിത്രം** - **നിവേദ്യം**

(ഇരുവർക്കും 15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും വീതം)

ശ്രുതിമധുരമായ ആലാപന ഭംഗി

16. **മികച്ച ചിത്ര സംയോജകൻ** - **വിനോദ് സുകുമാരൻ**

**ചിത്രം** - **ഒരേകടൽ**

(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

ചിത്രത്തിന്റെ ഒഴുക്കിന് ഭംഗം വരാത്ത തരത്തിൽ ദൃശ്യങ്ങളേയും ശബ്ദങ്ങളേയും അതീവശ്രദ്ധയോടെ സന്നിവേശിപ്പിച്ചിരിക്കുന്നു.

17. **മികച്ച കലാസംവിധായകൻ** - **രാജശേഖരൻ**

**ചിത്രം** - **നാലുപെണ്ണുങ്ങൾ**

(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

ചിത്രത്തിന്റെ കാലഘട്ടത്തെ ഓർമ്മിപ്പിയ്ക്കുന്ന തരത്തിലുള്ള രംഗസജ്ജീകരണം സത്യസന്ധമായി നിറവേറ്റിയിരിക്കുന്നു.

18. **മികച്ച ശബ്ദലേഖകൻ** - **ടി.കൃഷ്ണനുണ്ണി**

**ചിത്രം** - **ഒറ്റക്കൈയ്യൻ**

(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

ചിത്രം ആവശ്യപ്പെടുന്ന തരത്തിലുള്ള ശബ്ദവിന്യാസങ്ങൾ സജ്ജീകരിക്കുന്നതിൽ വിജയിച്ചു.

19. **മികച്ച പ്രോസസ്സിംഗ് ലബോറട്ടറി** - **പ്രസാദ് ഫിലിം ലാബ്**

**ചിത്രം** - **അടയാളങ്ങൾ**

(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

ഉന്നതനിലവാരം പുലർത്തുന്ന കളർ, ഗ്രേഡിംഗ്, പ്രൊസ്സസിംഗ്, പ്രിന്റിംഗ്.

20. **മികച്ച മേക്കപ്പ് മാൻ** - **പട്ടണം റഷീദ്**

**ചിത്രം** - **പരദേശി**

(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

കഥാപശ്ചാത്തലത്തിനനുയോജ്യമായ രീതിയിൽ കഥാപാത്രങ്ങളെ ഒരുക്കുന്നതിൽ വിജയിച്ചു.

21. **മികച്ച വസ്ത്രാലങ്കാരം** - **എസ്.ബി.സതീശൻ**

**ചിത്രം** - **നാലുപെണ്ണുങ്ങൾ**

(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

കാലഘട്ടത്തിനനുസരിച്ചുള്ള വസ്ത്രധാരണരീതികൾ സ്വീകരിച്ചിരിക്കുന്നു.

22. **മികച്ച ഡബ്ബിംഗ് ആർട്ടിസ്റ്റ്** - **സീനത്ത് (ശ്വേതാമേനോനുവേണ്ടി)**

**പരദേശി**

(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും വീതം)

ഏറനാടൻ ഭാഷാശൈലി കൃത്യമായി ഉൾക്കൊണ്ട് ആമിനയെന്ന കഥാപാത്രത്തെ മിഴിവുറ്റതാക്കി.

23. **മികച്ച കോറിയോഗ്രാഫർ** - **ബൃന്ദ**

**ചിത്രം** - **വിനോദയാത്ര**

(15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

സംഗീതത്തിനും ഇതിവൃത്തത്തിനും അനുയോജ്യമായ തരത്തിലുള്ള നൃത്തസംവിധാനം.

24. **മികച്ച കലാമൂല്യവും ജനപ്രീതിയും നേടിയ ചിത്രം** - **കഥ പറയുമ്പോൾ**

**സംവിധായകൻ** - **എം.മോഹനൻ**

**നിർമ്മാതാവ്** - **മുകേഷ്, ശ്രീനിവാസൻ**

(നിർമ്മാതാവിനും സംവിധായകനും 40,000 രൂപയും ശില്പവും, പ്രശസ്തി പത്രവും വീതം)

ലളിതമായ സാമൂഹ്യപശ്ചാത്തലത്തിൽ നിസ്വാർത്ഥമായ മനുഷ്യസ്നേഹത്തിന്റെ ഹൃദയഹാരിയായ ആവിഷ്ക്കരണം നിർവ്വഹിച്ചിരിക്കുന്നു.

25. **മികച്ച നവാഗത സംവിധായകൻ** - **ബാബു തിരുവല്ല**

**ചിത്രം** - **തനിയെ**

(40,000 രൂപയും, ശില്പവും പ്രശസ്തി പത്രവും)

വാർദ്ധക്യത്തിന്റെ അനാഥാവസ്ഥയുടെ കൃത്യവും പക്വവുമായ ആവിഷ്ക്കാരം.

26. **മികച്ച കുട്ടികളുടെ ചിത്രം** - **കളിയൊരുക്കം**

**സംവിധായകൻ** - **എസ്.സുനിൽ**

**നിർമ്മാതാവ്** - **കെ.വി.ശ്രീധരൻ**

(സംവിധായകന് 30,000 രൂപയും, ശില്പവും പ്രശസ്തി പത്രവും, നിർമ്മാതാവിന് 200,000 രൂപയും, ശില്പവും പ്രശസ്തി പത്രവും)

ബാല്യാനുഭവങ്ങളുടെ ലളിതവും യഥാതഥവുമായ ആവിഷ്ക്കരണം.

## പ്രത്യേക ജൂറി അവാർഡ്

27. **നടൻ** - **ജഗതി ശ്രീകുമാർ**

**ചിത്രം** - **പരദേശി, വീരാളിപ്പട്ട്, അറബിക്കഥ**

(30,000 രൂപയും, ശില്പവും പ്രശസ്തി പത്രവും)

പരദേശിയിലെ കാരാടൻ അബ്ദുരഹിമാൻ, വീരാളിപ്പട്ടിലെ വെളിച്ചപ്പാട്, അറബിക്കഥയിലെ കുഞ്ഞുണ്ണി മുതലാളി തുടങ്ങിയ വ്യത്യസ്ത കഥാപാത്രങ്ങളെ അവിസ്മരണീയമാക്കിയ അഭിനയപാടവത്തിന്.

## പ്രത്യേക ജൂറി പരാമർശം

28. **നടൻ** - **ടി.ജി.രവി**

**ചിത്രം** - **അടയാളങ്ങൾ, ഒറ്റക്കയ്യൻ**

(ശില്പവും, പ്രശസ്തി പത്രവും)

അടയാളങ്ങളിലെ രാമൻ നമ്പൂതിരി, ഒറ്റക്കൈയ്യനിലെ കള്ളത്തോക്ക് കണാരൻ എന്നീ കഥാപാത്രങ്ങളെ അനശ്വരമാക്കിയതിന് ജൂറിയുടെ പ്രത്യേക പ്രശംസ.

29. **മികച്ച ഡോക്യുമെന്ററി** - **ബിഫോർ ദ ബ്രഷ് ഡ്രോപ്ഡ്**

**സംവിധായകൻ** - **വിനോദ് മങ്കര**

**നിർമ്മാതാവ്** - **എ.വി.അനൂപ്**

(സംവിധായകന് 9,000 രൂപയും, ശില്പവും പ്രശസ്തി പത്രവും, നിർമ്മാതാവിന് 15,000 രൂപയും, ശില്പവും പ്രശസ്തി പത്രവും)

രാജാരവിവർമ്മയുടെ വ്യക്തിജീവിതത്തിലേയ്ക്കും ചിത്രകലാജീവിതത്തിലേയ്ക്കുമുള്ള ചരിത്രപരമായ ഒരന്വേഷണം.

## ജൂറി നിർദ്ദേശങ്ങൾ

1. രണ്ടാമത്തെ മികച്ച നടൻ; മികച്ച നടി എന്നീ വിഭാഗങ്ങൾക്കു പകരം മികച്ച സഹനടൻ; മികച്ച സഹനടി എന്ന നിലയിൽ അവാർഡുകൾ ക്രമീകരിക്കപ്പെടേണ്ടതാണ്. നിലവിലുള്ള അവാർഡ് നിർണ്ണയ രീതിയിൽ 'മികച്ച രണ്ടാമത്തേതിന്' വേണ്ടി മറ്റ് നായക/നായിക കഥാപാത്രങ്ങളെ തേടേണ്ട സാഹചര്യമാണുള്ളത്. ഇത് മികച്ച സ്വഭാവ-നടീനടന്മാരെ പരിഗണിക്കാതിരിക്കാൻ കാരണമാകും. ഈ സ്ഥിതി ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഇത്തരമൊരു നിർദ്ദേശം ഉയർന്നു വന്നിട്ടുള്ളത്.

2. ഏതെങ്കിലുമൊരു വിഭാഗത്തിൽ ഒന്നിലധികം പേരുകൾ അവാർഡിനായി പരിഗണിക്കണമെങ്കിൽ അത് എൻട്രി ഫോറത്തിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാകുന്നു. ഇത്തരത്തിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ അർഹതപ്പെട്ട സാങ്കേതികവിദഗ്ദരെ അവാർഡിന് തെരഞ്ഞെടുക്കാൻ ജൂറി ബുദ്ധിമുട്ടേണ്ടിവരും. (ഉദാഹരണത്തിന് - ഒരു ചിത്രത്തിൽ ഒന്നിലധികം നൃത്തസംവിധായകരുണ്ടെങ്കിൽ, ഏത് ഗാനത്തിന്റെ നൃത്തസംവിധാനമാണ് അവർ നിർവ്വഹിച്ചത് എന്നത് കൃത്യമായി രേഖപ്പെടുത്തണം.)

ഈ രണ്ട് നിർദ്ദേശങ്ങളാണ് പ്രധാനമായും ജൂറിയ്ക്ക് മുന്നോട്ട്വയ്ക്കാനുള്ളത്.

# രചനാവിഭാഗം അവാർഡുകൾ

# ജൂറി പരാമർശം

ഇത്തവണ ആറു പുസ്തകങ്ങളാണ് അവാർഡുകമ്മറ്റിയുടെ പരിഗണനയ്ക്കു വന്നത്. ആ പുസ്തകങ്ങൾ ഇവയാണ്.

1. കാഴ്ചയുടെ വെളിവ് - നീലൻ
2. പത്മരാജൻ സിനിമ, സാഹിത്യം, ജീവിതം - ഡോ.ടി.അനിതകുമാരി
3. ശലഭച്ചിറകുകൾ കൊഴിയുന്ന ചരിത്രശിശിരത്തിൽ - എൻ.പി.സജീഷ്.
4. മറക്കാത്ത ചിത്രം മായാത്ത ദൃശ്യം - എം.എഫ്.തോമസ്
5. വാതിൽപ്പുറക്കാഴ്ചകൾ - വിജയകൃഷ്ണൻ
6. തിരമലയാളത്തിന്റെ അവസ്ഥാന്തരങ്ങൾ - എൻ.പി.സജീഷ്

ഇവയിൽ ചലച്ചിത്രത്തെക്കുറിച്ചു മാത്രം പ്രതിപാദിക്കുന്ന പുസ്തകങ്ങളാണ് ആദ്യം തെരഞ്ഞെടുത്തത്. അങ്ങനെ തിരഞ്ഞെടുത്ത പുസ്തകങ്ങൾ ഇവയാണ്.

ശലഭച്ചിറകുകൾ കൊഴിയുന്ന ചരിത്രശിശിരത്തിൽ, തിരമലയാളത്തിന്റെ അവസ്ഥാന്തരങ്ങൾ, മറക്കാത്ത ചിത്രം മായാത്ത ദൃശ്യം, കാഴ്ചയുടെ വെളിവ്.

ഇവയിൽ താരതമ്യേന ഗൗരവമുള്ള ചലച്ചിത്രപഠനരീതി പാലിക്കുന്ന ഗ്രന്ഥമെന്ന നിലയിൽ എൻ.പി.സജീഷിന്റെ 'ശലഭച്ചിറകുകൾ കൊഴിയുന്ന ചരിത്ര ശിശിരത്തിൽ' അവാർഡിനായി കമ്മറ്റി ഏകകണ്ഠമായി തിരഞ്ഞെടുത്തു.

## ലേഖനങ്ങൾ

2007-ൽ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച ചലച്ചിത്രസംബന്ധിയായ ഏറ്റവും നല്ല ലേഖനത്തിനുള്ള അവാർഡിന്റെ പരിഗണനയ്ക്കായി 18 ലേഖനങ്ങളാണ് വന്നത്. ഇവയിൽ ഏറ്റവും മികച്ച നിലവാരം പുലർത്തുന്ന ലേഖനങ്ങൾ കെ.പി.ജയകുമാറിന്റെ 'കാണാതായ പുരുഷൻ കാഴ്ചപ്പെടുന്ന സിനിമ', 'ഒരേ മരണത്തിലേയ്ക്കുള്ള ഒരുപാടു വഴികൾ' എന്നിവയാണ്. ഇവയിൽ 'കാണാതായ പുരുഷൻ, കാഴ്ചപ്പെടുന്ന സിനിമ' എന്ന ലേഖനം അവാർഡിനായി തിരഞ്ഞെടുത്തു.

1. **മികച്ച സിനിമാ ഗ്രന്ഥം - ശലഭച്ചിറകുകൾ കൊഴിയുന്ന ചരിത്രശിശിരത്തിൽ**

   **ഗ്രന്ഥകർത്താവ് - എൻ.പി.സജീഷ്**

   (15,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

   സിനിമാപഠനരീതിയുടെ മാനദണ്ഡങ്ങൾ പാലിക്കുന്നതും സമീപകാല സിനിമയിലെ വംശീയവും ലിംഗപരവും ദേശീയവുമായ ബഹുതയുടെ രാഷ്ട്രീയത്തെ അവതരിപ്പിക്കുന്നതുമാണ് എൻ.പി.സജീഷിന്റെ 'ശലഭച്ചിറകുകൾ കൊഴിയുന്ന ചരിത്രശിശിരത്തിൽ'. നിലവിലുള്ള മലയാള സിനിമാ പഠനങ്ങളിൽനിന്ന് രീതിശാസ്ത്രപരമായ വ്യത്യസ്തത പുലർത്തുന്ന ഈ പുസ്തകം കമ്മറ്റി അവാർഡിനായി തെരഞ്ഞെടുത്തു.

2. **മികച്ച സിനിമാ ലേഖനം - കാണാതായ പുരുഷൻ കാഴ്ചപ്പെടുന്ന സിനിമ**

   **ലേഖകൻ - കെ.പി.ജയകുമാർ**

   (8,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

   പുരുഷകഥാപാത്രങ്ങളുടെ തിരോധാനത്തെ വിഷയമാക്കുന്ന നാലു മലയാള സിനിമകളുടെ പഠനത്തിലൂടെ കഥാപാത്രനിർമ്മിതിയിലുള്ള സ്ത്രീവിരുദ്ധ സമീപനത്തെ വിമർശനവിധേയമാക്കുന്നു ഈ ലേഖനം. സമീപനരീതിയുടെ സവിശേഷതകൊണ്ടും അപഗ്രഥന രീതിയുടെ തെളിമകൊണ്ടും ഈ ലേഖനം അവാർഡിനർഹമായിരിക്കുന്നു.